*ഖുത്ബ*
*14.11.2008*
*ബൈത്തുല്‍ ഫുതുഹ്,* ലണ്ടന്‍

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# സാത്വികരായ സന്താനങ്ങള്‍ക്കായി പ്രാര്‍ത്ഥിക്കുക

അല്ലാഹുവിന്റെ ഒരു ഗുണനാമം വാഹിബ് അഥവാ വഹ്ഹാബ് എന്നതാണ്. ഈ പദത്തിന് വിവിധ നിഘണ്ടുകര്‍ത്താക്കള്‍ നല്‍കിയിരിക്കുന്ന അര്‍ത്ഥവും വിശദീകരണവും ഏകദേശം ഒന്നായതുകൊണ്ട് ലിസാനുല്‍ അറബ് എന്ന നിഘണ്ടു നല്‍കിയിരിക്കുന്ന അര്‍ത്ഥം ഞാന്‍ കേള്‍പ്പിക്കുകയാണ്.

അല്‍ വഹ്ഹാബ് എന്നത് അല്ലാഹുവിന്റെ ഒരു ഗുണനാമമാണ്. **അല്‍മുന്‍ഇമു അലന്‍ ഇബാദ്** എന്നാണ് അതിന്റെ അര്‍ത്ഥം. തന്റെ ദാസര്‍ക്ക് അനുഗ്രഹം നല്‍കുന്നവന്‍. വാഹിബുന്‍ എന്ന ഗുണനാമവും അല്ലാഹുവിനുണ്ട്. പ്രതിഫലമായി ഒന്നും ആവശ്യപ്പെടാത്ത മറ്റൊന്നും പ്രതീക്ഷിക്കാത്ത പാരിതോഷികത്തിനാണ് *അല്‍ ഹിബ്* എന്നുപറയുന്നത്. ഇങ്ങനെയുള്ള പാരിതോഷികം അധികമായി നല്‍കുന്ന വ്യക്തിയെയാണ് അല്‍ വഹ്ഹാബ് എന്നുപറയുന്നത്.

ഈ പദം മനുഷ്യര്‍ക്കായും ഉപയോഗിക്കാറുണ്ട്. എന്നാല്‍ യഥാര്‍ത്ഥ വഹ്ഹാബ് അല്ലാഹുവിന്റെ സത്തയാണ്. അവന്‍ തന്റെ ദാസര്‍ ചോദിച്ചാലും ഇല്ലെങ്കിലും അവര്‍ക്ക് അനുഗ്രഹങ്ങള്‍ അധികമായി നല്‍കുന്നു. ഒരു യഥാര്‍ത്ഥവിശ്വാസി കൂലങ്കഷമായി ചിന്തിക്കുകയാണെങ്കില്‍ അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും എപ്പോഴും കാണാന്‍ സാധിക്കുന്നതാണ്. ഈ ഒരുകാര്യം നമുക്ക് ജീവനുള്ള അല്ലാഹുവിനെ പരിചയപ്പെടുത്തിത്തരുന്നു. എന്നാല്‍ നന്ദിയില്ലാത്ത മനുഷ്യന് അല്ലാഹുവിന്റെ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും കാണാന്‍ കഴിയുന്നില്ല. അവര്‍ ഭൗതികദൃഷ്ടികള്‍ കൊണ്ടാണ് നോക്കുന്നത്. എല്ലാം ഭൗതികകാരണങ്ങളാലാണ് ലഭിക്കുന്നത് എന്നാണ് അവര്‍ മനസ്സിലാക്കുന്നത്.

വിശുദ്ധ ഖുര്‍ആനില്‍ അല്ലാഹു വിവിധ രൂപത്തില്‍ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. അതുപോലെ തന്റെ ഈ സിഫത്തും വിവിധ രീതിയില്‍ വിവരിച്ചിട്ടുണ്ട്. പ്രവാചകന്മാര്‍ക്കും സാത്വികരായ ജനങ്ങള്‍ക്കും അവന്‍ നല്‍കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഈ ഗുണനാമം മുഖേന പ്രാര്‍ത്ഥനയില്‍ ശ്രദ്ധയൂന്നേണ്ടതിനെകുറിച്ചും ഉണര്‍ത്തുന്നുണ്ട്. ഈ ദുആകളില്‍ സന്താനങ്ങള്‍ക്കുവേണ്ടിയും സമൂഹത്തിന്റെ സാത്വികതക്കുവേണ്ടിയുമുള്ള ദുആയും ഉള്‍പ്പെടുന്നു. ഓരോരുത്തരും സ്വയം തഖ്‌വയില്‍ മുന്നേറേണ്ടതിനായുള്ള ദുആയും അതില്‍ ഉള്‍ക്കൊള്ളുന്നുണ്ട്. വിശ്വാസ ദൃഢീകരണത്തിനുള്ള പ്രാര്‍ത്ഥനയും ഇതിലുണ്ട്. ചുരുക്കത്തില്‍ വിവിധ കാര്യങ്ങളെക്കുറിച്ചുള്ള പ്രാര്‍ത്ഥനകള്‍ ഇതില്‍ ഉള്‍ക്കൊള്ളുന്നുണ്ട്. ഇപ്പോള്‍ ഞാന്‍ വിശുദ്ധഖുര്‍ആനില്‍ വന്നിരിക്കുന്ന പ്രാര്‍ത്ഥനയിലെ ഒരു വശം മാത്രം വിവരിക്കുന്നതാണ്.

അല്ലാഹു മുഅ്മിനീങ്ങളുടെ സന്താനങ്ങളെ ജീവിത ലക്ഷ്യം പൂര്‍ത്തീകരിക്കുന്നതിനും അവരെ സാത്വികരായി നിലനിര്‍ത്തുന്നതിനും വേണ്ടി തന്റെ വരിഷ്ട ദാസരോട് ഇപ്രകാരം ദുആ ചെയ്യാന്‍ കല്‍പ്പിക്കുകയുണ്ടായി. അവര്‍ തങ്ങളുടെ സന്താനങ്ങള്‍ക്കായും ഭാര്യമാര്‍ക്കായും പ്രാര്‍ത്ഥിക്കുന്നു. സ്ത്രീകള്‍ തങ്ങളുടെ മക്കള്‍ക്കായും ഭര്‍ത്താവിന്നായും ദുആ ചെയ്യുന്നു. ഇങ്ങനെ നന്മയുടെ കണ്ണികള്‍ തലമുറ തലമുറയായി നിലനിന്നുപോകുന്നതാണ്.

അല്ലാഹു പറയുന്നു,

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ
وَاجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٥﴾

**അവര്‍ ഇപ്രകാരം പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ജീവിത പങ്കാളികളില്‍നിന്നും സന്താനങ്ങളില്‍നിന്നും കണ്‍കുളിര്‍മ പ്രദാനം ചെയ്യേണമേ. ഞങ്ങളെ മുത്തഖീങ്ങളുടെ ഇമാമാക്കുകയും ചെയ്യേണമേ.(25:75)**

ഇത് പരിപൂര്‍ണ്ണ പ്രാര്‍ത്ഥനയാണ്. ഞങ്ങളെ പരസ്പരം കണ്‍കുളിര്‍മ പ്രദാനം ചെയ്യുന്നവരാക്കുന്നതോടൊപ്പം കണ്‍കുളിര്‍മ നല്‍കുന്ന സന്താനങ്ങളെ ഞങ്ങള്‍ക്ക് നല്‍കേണമെ എന്നും ദമ്പതികള്‍ പ്രാര്‍ത്ഥിക്കുന്നു. അല്ലാഹുവിനോട് കണ്‍കുളിര്‍മ പ്രദാനം ചെയ്യുന്നതിന്നായി നാം അര്‍ത്ഥിക്കുമ്പോള്‍ മനുഷ്യന് കണക്കാക്കാന്‍ കഴിയാത്ത അനുഗ്രഹങ്ങളെയാണ് നാം അല്ലാഹുവിനോട് തേടുന്നത്. വിശുദ്ധ ഖുര്‍ആനില്‍ അല്ലാഹു തആല കല്‍പ്പിച്ചിരിക്കുന്ന നന്മകള്‍ ചെയ്തുകൊണ്ട് ഈ ലോകത്ത് അനുഗ്രഹങ്ങള്‍ കരസ്ഥമാക്കുന്നതോടൊപ്പം ഭൂമിയില്‍വെച്ച് മനുഷ്യന്‍ ചെയ്യുന്ന സല്‍പ്രവര്‍ത്തികള്‍ക്കുപകരം മരണശേഷവും അല്ലാഹു തന്റെ അനുഗ്രഹങ്ങള്‍ നല്‍കുന്നതാണ്. ഒരു വിശ്വാസിയുടെ മരണാനന്തരം അദ്ദേഹം ചെയ്തിരുന്ന നന്മകള്‍ അദ്ദേഹത്തിന്റെ മക്കള്‍ നിലനിര്‍ത്തുന്നു. സാത്വികരായ മക്കള്‍ തങ്ങളുടെ മാതാപിതാക്കള്‍ക്കായി പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നു. ഈ പ്രാര്‍ത്ഥനകള്‍ മാതാപിതാക്കളുടെ ആത്മീയാഭി

വൃദ്ധിക്ക് കാരണമായിത്തീരുന്നു. അവരുടെ പദവികൾ ഉയരുന്നതിന്നുതകുന്ന മറ്റു നന്മകളും മക്കൾ ചെയ്യുന്നു. അതുകൊണ്ട് സന്താനങ്ങളുടെ നന്മയും മാതാപിതാക്കൾക്കായുള്ള അവരുടെ പ്രാർത്ഥനകളും പരലോകത്തും ഒരു വിശ്വാസിക്ക് കൺകുളിർമ പ്രദാനം ചെയ്യുന്നതാണ്.

അല്ലാഹു പറയുന്നു,

**മനുഷ്യരുടെ പ്രവർത്തനത്തിന്റെ പ്രതിഫലമായി അവർക്ക് കൺകുളിർമക്കുള്ള എന്തെല്ലാമാണ് മറച്ചുവെച്ചിരിക്കുന്നതെന്നകാര്യം ഒരാത്മാവും അറിയുന്നില്ല.**

തഖ്‌വ സ്വീകരിച്ചതിന്റെ ഫലമായി അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് അവനെ ആരാധിക്കുന്നവരെയും ദൈവമാർഗ്ഗത്തിൽ ധനത്യാഗം ചെയ്യുന്നവരേയും കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അവർ മറ്റു നന്മകളും ചെയ്തു കൊണ്ടിരിക്കുന്നു. നേരായ പന്ഥാവിൽ ചരിക്കുന്നതിന് സൗഭാഗ്യം ലഭിക്കുന്നതിന്നായും സന്താനങ്ങൾ നേരായ മാർഗ്ഗത്തിൽ ചലിക്കുന്നതിന്നായും രാത്രികളിൽ എഴുന്നേറ്റുകൊണ്ട് അവർ പ്രാർത്ഥിക്കുന്നു. അല്ലാഹുവിന് മാത്രം അറിയാവുന്ന കൺകുളിർമയാണ് അവർ അവനോട് ആവശ്യപ്പെടുന്നത്. മക്കളും ജീവിത പങ്കാളികളും തഖ്‌വയിൽ നിലനിൽക്കുന്നതിന്നായി അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരഗതമാകുന്ന അനുഗ്രഹങ്ങൾ അവർക്ക് ഈ ലോകത്തും അല്ലാഹു നൽകുമാറാകട്ടെ എന്നും പരലോകത്ത് അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുമാറാകട്ടെ എന്നും അവർ പ്രാർത്ഥിക്കുന്നു.

പരമകാരുണികനായ അല്ലാഹുവിന്റെ ദാസർ നന്മ ചെയ്തുകൊണ്ട് ചെയ്യുന്ന പ്രാർത്ഥനകളാണിവയെല്ലാം. തഖ്‌വയിൽ നിലനിൽക്കുന്ന സന്താനങ്ങളെ തങ്ങളുടെ പിൻഗാമികളായി വിട്ടുപോകാൻ അവർ പരിശ്രമിക്കുയും ചെയ്യുന്നു. ഈ പ്രാർത്ഥന പഠിപ്പിച്ചു കൊണ്ട് അല്ലാഹുവിന്റെ പ്രീതി എപ്പോഴും കരസ്ഥമാക്കുന്ന സുപ്രധാന കാര്യത്തിലേക്കാണ് അവൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ദൈവപ്രീതി കരസ്ഥമാക്കുന്നത് നമ്മുടെ വ്യക്തി ജീവിതത്തിന് മാത്രമല്ല ഉപകരിക്കുക, മറിച്ച് ഭാവിതലമുറയും അല്ലാഹുവിന്റെ ഔദാര്യത്തിന്ന് അനന്തരാവകാശികളായിത്തീരുന്നതിന്നും ഉപകരിക്കും.

**വജ്അൽനാ ലിൽ മുത്തഖീന ഇമാമ,** *നീ ഞങ്ങളെ മുത്തഖീങ്ങളുടെ ഇമാമാക്കേണമേ* എന്ന ദുആ പഠിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത് നിങ്ങൾ തഖ്‌വയിൽ ചരിക്കുമ്പോഴാണ് മക്കൾ നിങ്ങൾക്ക് കൺകുളിർമ പ്രദാനം ചെയ്യുന്നവരായിത്തീരുക എന്നതാണ്. നിങ്ങൾ തഖ്‌വയുടെ മാർഗ്ഗത്തിൽ ചരിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ വൃത്തത്തിൽ മുത്തഖീങ്ങളുടെ ഇമാമായിത്തീരാൻ സാധ്യമല്ല.

അതുകൊണ്ട് നാം ഈ പ്രാർത്ഥന ചെയ്യുന്നതോടൊപ്പം തഖ്‌വയിൽ നിലനിന്നുകൊണ്ട് പരസ്പരമുള്ള കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നും സന്താനങ്ങളുടെ ശിക്ഷണത്തിന്നായി അവരെ തഖ്‌വയിൽ നിലനിർത്തുന്നതിന്നുതകുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നും നാം ഒരാത്മപരിശോധന നടത്തേണ്ടതുണ്ട്. ഭാര്യാഭർത്താക്കന്മാർ വീടുകളിൽ തഖ്‌വയുടെ അടിസ്ഥാനത്തിൽ ജീവിതം നയിക്കുന്നില്ലെങ്കിൽ മക്കൾക്കായുള്ള പ്രാർത്ഥന എങ്ങനെ സ്വീകരിക്കപ്പെടാനാണ്. തഖ്‌വയില്ലെങ്കിൽ ഖിലാഫത്തിന്റെയും ജമാഅത്തിന്റെയും അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ എങ്ങനെ സാധിക്കും? ഖിലാഫത്തിന്റെ അനുഗ്രഹത്തിന് അല്ലാഹു സദ്പ്രവൃത്തി ഒരു നിബന്ധനയായി വെച്ചിട്ടുള്ളതാണ്.തഖ്‌വ ഇല്ലെങ്കിൽ സദ്പ്രവൃത്തി ഉണ്ടാവുകയില്ല. സദ്പ്രവൃത്തി ഇല്ലെങ്കിൽ തഖ്‌വയും ഇല്ല. തഖ്‌വ ഇല്ലെങ്കിൽ പരസ്പരം കൺകുളിർമ ചെയ്യുന്നവരായിത്തീരുകയില്ല എന്നുമാത്രമല്ല, സന്താനങ്ങളിൽ നിന്നും കൺകുളിർമ്മ ലഭിക്കുന്നതുമല്ല. അതുകൊണ്ട് സന്താനങ്ങളിൽനിന്ന് കൺകുളിർമ ലഭിക്കണമെങ്കിൽ നമ്മുടെ അവസ്ഥ തന്നെ ഈ രീതിയിൽ മാറ്റിയെടുക്കേണ്ടതായി വരും. ആ സ്ഥാനം കരസ്ഥമാക്കാൻ നാം ശ്രമിക്കുന്നുണ്ടോ?

തിരുനബി (സ.അ) ഭാര്യാഭർത്താക്കന്മാരുടെ ആരാധനയെ കുറിച്ച് ഉപദേശിച്ചുകൊണ്ട് അരുളുകയുണ്ടായി:

*രാത്രി എഴുന്നേൽക്കുകയും നമസ്ക്കരിക്കുകയും തന്റെ ഭാര്യയെ എഴുന്നേൽപ്പിക്കുകയും ചെയ്യുന്നവനിൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.അവൾ എഴുന്നേൽക്കുന്നതിൽ അലസത കാണിക്കുകയാണെങ്കിൽ മുഖത്ത് വെള്ളം കുടഞ്ഞ് അവളെ എഴുന്നേൽപ്പിക്കുന്നു. ഇതേപോലെ രാത്രി എഴുന്നേൽക്കുകയും നമസ്കരിക്കുകയും തന്റെ ഭർത്താവിനെ എഴുന്നേൽപ്പിക്കുകയും ചെയ്യുന്നവളിൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. ഭർത്താവ് എഴുന്നേൽക്കുന്നതിൽ അലസത കാണിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ മുഖത്ത് വെള്ളം കുടഞ്ഞ് അവനെ എഴുന്നേൽപ്പിക്കുന്നു.*

ഇവിടെ ഇരുകൂട്ടർക്കും കടമയുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്.ഇരുവരും തങ്ങളുടെ ആരാധനാകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരാണെങ്കിൽ മാത്രമേ അവരുടെ സന്താനങ്ങളിൽ നിന്ന് കൺകുളിർമ ലഭിക്കുകയുള്ളൂ.

ഭാര്യ എഴുന്നേൽപ്പിച്ചിട്ടുകൂടി സുബ്ഹി നമസ്ക്കാരത്തിൽ അലസത കാണിക്കുന്നു എന്നും മറ്റു നമസ്ക്കാരങ്ങളിലും അലസത കാണിക്കുന്നു എന്നും ചില പുരുഷന്മാരെക്കുറിച്ച് പരാതി ലഭിക്കാറുണ്ട്. ഇങ്ങനെയുള്ളവർക്ക് **റബ്ബനാ ഹബ്‌ലനാ മിൻഅസ് വാജിനാ വദുർരിയ്യാത്തിനാ ഖുർറത്ത അഹ്‌യുനിൻ** എന്ന് ഏതർത്ഥത്തിലാണ് പ്രാർത്ഥിക്കുവാൻ അവകാശമുള്ളത്. തങ്ങളുടെ സന്താനങ്ങളിൽ കൺകുളിർമ്മ ഇങ്ങനെയുള്ളവർക്കെങ്ങനെ ലഭിക്കാനാണ്. മക്കൾക്കായി ചെയ്

തിരിക്കുന്ന പ്രാർത്ഥനകൾ അല്ലാഹു സ്വീകരിക്കും എന്ന് അവർക്ക് പ്രതീക്ഷിക്കാവുന്നതെങ്ങിനെ

അല്ലാഹു ഔദാര്യം ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആർക്കും തടയാൻ സാധ്യമല്ല എന്നത് വേറെ കാര്യം. കാരണം അവൻ മാലിക്കാണ്.എന്നാൽ തഖ്‌വയുടെ മാർഗ്ഗം സ്വീകരിക്കാനും അവന്റെ ഔദാര്യത്തിന് അവകാശികളാകാൻ നമ്മിൽ ഒരു ആത്മീയപരിവർത്തനം ഉണ്ടാകാനും അല്ലാഹു തന്നെയാണ് കൽപ്പിച്ചിരിക്കുന്നത്

തന്റെ മക്കളിൽ നിന്ന് കൺകുളിർമ പ്രതീക്ഷിക്കുന്നവൻ തിരുനബി (സ.അ) യുടെ മറ്റൊരു നിർദ്ദേശവും മുമ്പിൽവെക്കേണ്ടതാണ്. തിരുനബി (സ.അ) അരുളി, *ഏറ്റവും നല്ല ശിക്ഷണത്തെക്കാളുപരിയായ മറ്റൊരു ഉപഹാരവും പിതാവിന് മക്കൾക്കായി നൽകാനില്ല.*

മക്കൾക്ക് ഉത്തമശിക്ഷണം നൽകാൻ സാധിക്കണമെന്നുണ്ടെങ്കിൽ നാം അവർക്കായി മാതൃകായോഗ്യമായ ജീവിതം നയിക്കേണ്ടതായിവരും.നമുക്ക് ആരാധനയുടെ നിലവാരവും മറ്റു പ്രവർത്തനങ്ങളുടെ നിലവാരവും ഉയർത്തേണ്ടതായിവരും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു *അല്ലാഹു നമുക്ക് നമ്മുടെ ഭാര്യമാരിൽ നിന്നും മക്കളിൽ നിന്നും കൺകുളിർമ്മ പ്രദാനം ചെയ്യുമാറാകട്ടെ.ഈ അവസ്ഥ കരഗതമാകണമെങ്കിൽ പരുഷന്മാർ അവിശുദ്ധമായ ജീവിതത്തിൽ നിന്നുംവിട്ടു നിൽക്കേണ്ടതാണ്.അവൻ, ഇബാദുർറഹ്മാൻ, ദൈവീക ദാസരുടെ ജീവിതം നയിക്കേണ്ടതാണ്.അവൻ അല്ലാഹുവിനെ മറ്റെല്ലാത്തിനേക്കാളും മുന്തിക്കുകയും വേണം. അല്ലാഹു വളരെ വ്യക്തമായിതന്നെ പറയുന്നു,* **വജ്അൽനാ ലിൽ മുത്തഖീന ഇമാമാ**.(നീ ഞങ്ങളെ മുത്തഖീങ്ങളുടെ ഇമാമാക്കേണമേ) *സന്താനങ്ങൾ മുത്തഖീങ്ങളായാൽ മാത്രമേ അവർക്ക് നിങ്ങൾ ഇമാം ആയിത്തീരുകയുള്ളു. ഈ പ്രാർത്ഥനയിൽ മുത്തഖി ആയിത്തീരാനും പ്രാർത്ഥന ഉണ്ട്.*

ഇവിടെ ഏറ്റവും പ്രഥമമായ ഉത്തരവാദിത്വം പുരുഷനിലാണ് വന്നുചേരുന്നത്. അല്ലാഹുവിന്റെ ദാസരിൽ ഉൾപ്പെടുന്ന രീതിയിൽ തങ്ങളുടെപ്രവർത്തന ശൈലി അവർ മാറ്റിയെടുക്കേണ്ടതാണ്. വീടിന്റെ മേൽനോട്ടക്കാരി എന്ന നിലയിൽ തഖ്‌വയിൽ നില നിന്നുകൊണ്ട് തങ്ങളുടെ ഭർത്താക്കന്മാരുടെയും മക്കളുടെയും ശിക്ഷണകാര്യത്തിൽ ശ്രദ്ധിക്കേണ്ടത് സ്ത്രീകളുടെ കടമയാണ്. എന്നാൽ മാത്രമേ ഇവർ സമൂഹത്തിന്റെ പ്രയോജനപ്രദമായ വ്യക്തിത്വങ്ങളായി മാറുകയുള്ളു. എന്നാൽ സ്ത്രീസംസ്കരണത്തിന് ആദ്യം പുരുഷൻ നന്നാവേണ്ടതായിട്ടുണ്ട്. ഇരുവരും നന്മയിൽ നിലനിൽക്കുന്നവരായിത്തീർന്നാൽ മക്കളും നന്മയിൽ നിലനിൽക്കുന്നതാണ്.കുട്ടികളുടെ ശിക്ഷണത്തിന് ഇരുവരുടെയും പ്രാർത്ഥന വളരെയധികം സ്വാധീനം ചെയ്യുന്നതാണ്. ഞാൻ നേരത്തെ കേൾപ്പിച്ച ഹദീസിൽ ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ ഉണർന്നെഴുന്നേറ്റിട്ടില്ലെങ്കിൽ എഴുന്നേൽപ്പിക്കുക എന്നത് നടപ്പിൽ വരുത്തണമെങ്കിൽ ഭാര്യയും ഭർത്താവും സ്നേഹത്തിലും പരസ്പരം അറിഞ്ഞുകൊണ്ടും പരസ്പരം മനസ്സിലാക്കികൊണ്ടും ജീവിക്കുന്നവരായാൽ മാത്രമേ സധിക്കുകയുള്ളു. നമ്മുടെ രാത്രിയിലുള്ള ആരാധന കാത്തുസൂക്ഷിക്കുവാൻ നാം ഇരുവരും പരസ്പരം സഹകരിക്കണം എന്ന ചിന്ത ഉണ്ടാകുമ്പോഴാണ് ഇതെല്ലാം സാധ്യമായിത്തീരുന്നത്. ഇങ്ങനെ ഒരു ധാരണ പരസ്പരം ഇല്ലെങ്കിൽ പിന്നെ ഭർത്താവിനെ വിളിച്ചുണർത്തുന്ന ഭാര്യയുടെ കാര്യം ചിലപ്പോൾ പറയേണ്ടിവരില്ല. ചില പരാതികൾ ഇത് സംബന്ധമായി എനിക്ക് ലഭിക്കാറുണ്ട്. ചിലപ്പോൾ ഭർത്താവിൽനിന്ന് ശകാരം മാത്രമല്ല അടിയും ലഭിക്കാറുണ്ട്. ഞാൻ ഈ പറയുന്നത് ചില വീടുകളിൽ നടക്കുന്ന കാര്യമാണ്. ഈ ഒരു പരിതസ്ഥിതി ഉണ്ടാകുമ്പോൾ സ്ത്രീകൾ ഭർത്താവിനെ വിളിച്ചുണർത്തുന്നതെല്ലാം നിർത്തി സ്വന്തം നമസ്കാരത്തെ സംരക്ഷിക്കുന്നതിൽ ശ്രദ്ധിക്കുകയോ അല്ലെങ്കിൽ ഭർത്താവിന്റെ അതേ മാർഗ്ഗം പിൻപറ്റുകയോ ചെയ്യുന്നു. അവരുടെ സന്താനങ്ങൾ ഭൗതികമായി അല്പപ്പസ്വല്പം നേട്ടങ്ങൾ കൈവരിക്കുമെങ്കിൽക്കൂടി ആത്മീയമായി തകരുന്നു. ചിലർ ഭൗതികമായും തകരുന്നു.

ചുരുക്കത്തിൽ സന്താനങ്ങൾ കൺകുളിർമ്മ ഉള്ളവരായി തീരണമെങ്കിൽ മാതാപിതാക്കൾക്ക് തങ്ങളിൽ സംസ്കരണം വരുത്തേണ്ടത് അനിവാര്യമാണ്. മാത്രമല്ല മാതൃകായോഗ്യമായജീവിതം കാഴ്ച വെയ്ക്കേണ്ടതായും വരുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

നമ്മുടെ ജമാഅത്തിലുള്ളവർ സ്വയം സാത്വികരാവുന്നതിന്നായി ആദ്യം സ്ത്രീകളെ സാത്വികരാക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലെങ്കിൽ അവർ പാപികളായിത്തീരുന്നതാണ്.ഭർത്താവിന്റെ മുമ്പിൽ നിന്ന് കൊണ്ട് നിങ്ങളിൽ ഇന്നഇന്ന ന്യൂനതകളുണ്ടെന്ന് ധാർഷ്ട്യത്തോടെ സ്ത്രീകൾ പറയുമെങ്കിൽ അങ്ങനെയുള്ള സ്ത്രീകൾ അല്ലാഹുവിനെ എങ്ങനെ ഭയപ്പെടാനാണ്. തഖ്‌വ ഇല്ലെങ്കിൽ മക്കളും മോശമായിതന്നെയാണ് ജനിക്കുന്നത്. നല്ല മക്കൾ ഉണ്ടാകണമെങ്കിൽ നല്ല ഉമ്മമാരും ഉണ്ടായിരിക്കണം.നല്ല ഉമ്മമാരില്ലെങ്കിൽ മക്കൾ മോശമായിത്തീരുന്നതാണ്. അതുകൊണ്ട് എല്ലാവരും തൗബ ചെയ്യുകയും സ്ത്രീകൾക്കായി ഉത്തമ മാതൃക കാണിക്കുകയും ചെയ്യുക.

ഭാര്യ ഭർത്താവിന്റെ ചാരനാണ്.ഭർത്താവിന്റെ ന്യൂനതകൾ അവളിൽ നിന്ന് മറഞ്ഞിരിക്കില്ല. മാത്രമല്ല സത്രീകൾ മറഞ്ഞിരിക്കുന്ന ബുദ്ധിമതികൾ കൂടിയാണ്. അവർ ബുദ്ധിശൂന്യരാണെന്ന് നിങ്ങൾ കരുതരുത്. നിങ്ങളുടെ പ്രവൃത്തികൾ ഓരോന്നും അവർ ഒപ്പിഎടുക്കുന്നു. ഭർത്താവ് സദ്പന്ഥാവിലാണെങ്കിൽ ഭാര്യ

അവരെ ഭയപ്പെടും, അല്ലാഹുവിനേയും ഭയപ്പെടും. ഭാര്യമാർ ഭർത്താക്കന്മാരുടെ സ്വാധീനവലയത്തിലായിരിക്കും. ഭർത്താവ് തഖ്‌വയും സാത്വികതയും വർദ്ധിപ്പിക്കുകയാണെങ്കിൽ അതിൽ ഒരംശം ഭാര്യ സ്വീകരിക്കുന്നതായിരിക്കും.

ഓരോ അഹ്മദി പുരുഷനിൽനിന്നും ഹദ്റത്ത് മസീഹ് മഊദ് (അ) പ്രതീക്ഷിക്കുന്നത് ഇതാണ്. വാഗ്ദത്ത മസീഹിന്റെ ഈ വാക്കുകൾ നമ്മെ യോജിപ്പിക്കുന്നതാക്കിത്തീർക്കണം. പുരുഷനിൽ വലിയ ഉത്തരവാദിത്ത്വമാണുള്ളത്. ആദ്യമൊക്കെ സ്ത്രീകൾ നിരക്ഷരരും അറിവില്ലാത്തവരുമായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിദ്യാഭ്യാസത്തിന്റെ പ്രകാശം സ്ത്രീകളെ വിദ്യാസമ്പന്നരാക്കിമാറ്റിയിട്ടുണ്ട്. പുരുഷന്മാരുടെ ദുഷ്പ്രവൃത്തികാരണം മനമുരുകിക്കഴിയുന്ന പല സ്ത്രീകളും ജമാഅത്തിലുണ്ട്. ഇങ്ങനെയുള്ളവർ സ്വന്തം നന്മ നിലനിർത്താൻ ശ്രമിക്കുകയും ഭർത്താവിന്റെ കാര്യമോർത്ത് മനഃപ്രയാസം നേരിടുകയും ചെയ്യുന്നു. ചില കുടുംബങ്ങളിൽ സ്ത്രീകൾക്കായിരിക്കും മക്കളെക്കുറിച്ച് പുരുഷന്മാരെക്കാളുമധികം ചിന്തയുണ്ടാകുന്നത്.

ഭർത്താക്കന്മാരുടെ ദുർനടപ്പ് കാരണം ചില ഭാര്യമാർ അവരിൽ നിന്നും വിട്ടുപിരിയുന്നു. ഇത് കുട്ടികളുടെ ശിക്ഷണകാര്യത്തിൽ വളരെ മോശമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. പിതാവിന്റെ സംരക്ഷണം അനിവാര്യമായ, ഈ സമൂഹങ്ങളിൽ പ്രത്യേകിച്ചും. കുട്ടികൾ യുവത്വത്തിലേക്ക് കാൽ വെക്കുമ്പോൾ അവർ തെറ്റായ പാത സ്വീകരിക്കുന്നു. ഇതിന്റെയെല്ലാം ഉത്തരവാദികൾ പുരുഷന്മാരാണ്. അതുകൊണ്ട് ഇങ്ങിനെയുള്ള പുരുഷന്മാർ ചിന്തിക്കേണ്ടത് നമ്മുടെ ഭാവിജീവിതം ഭാസുരമാക്കുന്നതിന്നായി അല്ലാഹു നമുക്ക് ഒരു പ്രാർത്ഥന പഠിപ്പിച്ചുതന്നിട്ടും ഈ അനുഗ്രഹങ്ങളെ കരസ്ഥമാക്കാത്ത നിർഭാഗ്യവാന്മാരായി നാം മാറിയല്ലോ എന്നാണ്. അല്ലാഹു ഒരു പ്രാർത്ഥന പഠിപ്പിക്കുന്നതിന്റെ അർത്ഥം അതവൻ സ്വീകരിക്കും എന്നാണ്. ഈ പ്രാർത്ഥനയിൽ **ഹബ്‌ലനാ** *ഞങ്ങൾക്ക് ഔദാര്യമായി നൽകേണമേ* എന്നതുകൊണ്ട് അല്ലാഹു പറയുന്നത് എനിക്ക് നിങ്ങളിൽനിന്ന് ഒന്നും നേടാനില്ല എന്നാണ്. ഞാൻ നിങ്ങൾക്ക് അനുഗ്രഹങ്ങൾ ചൊരിയാൻ ആഗ്രഹിക്കുന്നു, നിങ്ങൾ ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കുക. ഈ അനുഗ്രഹത്തിൽനിന്നും വിട്ടുനിൽക്കുന്നവരായി നാം മാറരുത്. അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്ന മാർഗ്ഗം നാം സ്വീകരിക്കേണ്ടതാണ്. നമ്മുടെ വീട്ടിലുള്ള സമാധാനാന്തരീക്ഷം നിലനിർത്തുന്നതും മക്കളിൽനിന്ന് എപ്പോഴും കൺകുളിർമ ലഭിക്കുന്നതുമായ പാത നാം സ്വായത്തമാക്കേണ്ടതാണ്.തഖ്‌വയിൽ നിലനിൽക്കുന്നവർ അഹ്മദീ വീടുകളിലും അഹ്മദീ സമൂഹത്തിലും എപ്പോഴും ഉണ്ടായിത്തീരട്ടെ. ഇതായിരിക്കും ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിന്ന് കാരണമായിത്തീരുന്നത്. തിരുനബി (സ.അ)ന്റെ ശിഷ്യത്വത്തിൽ വന്ന വാഗ്ദത്തമസീഹിന്റെ ജമാഅത്തിൽ പ്രവേശിച്ചതു മൂലമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ തഖ്‌വ സ്വായത്തമാക്കുന്നതിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. വഹാബായ അല്ലാഹുവിനോട് ചോദിക്കുമ്പോൾ മനുഷ്യന് ചിന്തിക്കാൻപോലും കഴിയാത്തരീതിയിൽ അല്ലാഹു അനുഗ്രഹങ്ങൾ നൽകുന്നതാണ്. ചില വീടുകൾ തകരുന്നതിനും മാതാപിതാക്കളുടെ പ്രവർത്തനം മൂലം മക്കളിൽ മോശമായ പ്രതികരണം ഉണ്ടാകുകയും ചെയ്യുന്ന ഒരു കാര്യം ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ചില വീടുകളിൽ പെൺകുട്ടികൾ ജനിക്കുന്നതുകൊണ്ട് ഭർത്താവ് ഭാര്യയോട് ദേഷ്യപ്പെടാറുണ്ട്. പെൺകുട്ടികൾ മാത്രം എന്തുകൊണ്ട്, ആൺകുട്ടികൾ എന്തുകൊണ്ടുണ്ടാകുന്നില്ല എന്ന് പറഞ്ഞ് ഭാര്യയെ വേദനിപ്പിക്കുന്നു.

അല്ലാഹു പറയുന്നു:

**ആകാശഭൂമിയുടെ അധികാരം അല്ലാഹുവിനുള്ളതാണ്. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺകുട്ടികളെ നൽകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും നൽകുന്നു.**

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് **അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺകുട്ടികളെയും പെൺകുട്ടികളെയും നൽകുന്നു** എന്നുമാണ്. നൽകുന്നത് അല്ലാഹുവാണ്. അല്ലാഹു നൽകുന്നതിന്റെ പേരിൽ മറ്റുള്ളവരെ  ആക്ഷേപിക്കുക എന്നത് തീർച്ചയായും തഖ്‌വയിൽനിന്നും അകലുന്നു എന്നതിന്റെ ലക്ഷണമാണ്. ഇക്കാലത്ത് അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്ന വിവിധ ചികിത്സാരീതികൾ മുഖേന ആൺകുട്ടികളെ ആഗ്രഹിക്കുന്നവർക്ക് ആൺകുട്ടികളെ ലഭിക്കാറുണ്ട്. എന്നാൽ ചില സമയങ്ങളിൽ ചികിത്സകൊണ്ട് ഫലമുണ്ടാകാറില്ല. സൃഷ്ടികർത്താവ് അല്ലാഹുവാണ്. അതിനാൽ നീ ആൺകുട്ടികളെ പ്രസവിക്കാത്തതെന്താണ് എന്ന് കുത്തിപ്പറഞ്ഞ് ഭാര്യമാരെ വേദനിപ്പിക്കുന്നത് ഒട്ടും ശരിയല്ല. മാത്രമല്ല ഇങ്ങനെ പറയുമ്പോൾ പെൺകുട്ടികൾക്ക് പിതാവിനോട് സ്നേഹം കുറയും. സ്ഥിരമായുള്ള ഈ പരാതിപ്പെടൽ കാരണം പെൺകുട്ടികൾ പിതാവിനെ വെറുക്കാൻ തുടങ്ങും. പണ്ട് അറേബ്യയിൽ ഇരുണ്ട യുഗത്തിൽ ഉണ്ടായിരുന്ന അതേ ചിന്തകൾ വെച്ചുപുലർത്തുന്നവർ ഇക്കാലത്തും ഉണ്ടെന്നോർക്കുമ്പോൾ അത്ഭുതം തോന്നാറുണ്ട്. അറബികൾ പണ്ട് പെൺകുട്ടികൾ ജനിച്ചാൽ നിന്ദ്യതയുടെ അടയാളമായാണ് കരുതിയിരുന്നത്. ഇതെല്ലാം അജ്ഞതയാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഇതിൽനിന്നെല്ലാം വിട്ടുനിൽക്കേണ്ടതാണ്.

പണ്ട് നടന്ന ഒരു സംഭവമാണ്. ഒരു അഹ്മദി കുടുംബത്തെ എനിക്കറിയാം. ഒരാൾക്ക് പെൺകുട്ടികൾ മാത്രമാണ് ഉണ്ടാകുന്നത്. അഞ്ച് പെൺകുട്ടികൾ ജനിച്ചപ്പോൾ ഒരു ആൺകുട്ടിക്കായി അദ്ദേഹം മറ്റൊരു വിവാഹം ചെയ്തു. അതിൽ മൂന്ന് പെൺകുട്ടികളാണ്

ജനിച്ചത്. ആൺകുട്ടിക്കായി മൂന്നാമതൊരു വിവാഹവും അദ്ദേഹം കഴിച്ചു. എന്നാൽ അതിലും മൂന്നോ നാലോ പെൺകുട്ടികളാണ് ഉണ്ടായത്. അങ്ങിനെ നാലാമതും അദ്ദേഹം വിവാഹം കഴിച്ചെങ്കിലും അതിലും പെൺ കുട്ടികൾ തന്നെയാണ് ഉണ്ടായത്. ഒടുവിൽ ആദ്യത്തെ ഭാര്യയിൽ നിന്ന് തന്നെയാണ് അദ്ദേഹത്തിന്ന് ആദ്യത്തെ ആൺകുട്ടി ജനിച്ചത്. അതുകൊണ്ട് നൽകുന്നത് അല്ലാഹുവാണെന്ന ബോധം നമുക്കുണ്ടായിരിക്കണം. അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്നു.

അതിനാൽ ആൺകുട്ടികളെ ആവശ്യമുണ്ടെങ്കിൽ വീട്ടിൽ കലഹം വെക്കാതെ തഖ്‌വയിൽ നില നിന്നു കൊണ്ട് അല്ലാഹുവിനോട് ചോദിക്കുക. എപ്പോഴും സാത്വികരായ മക്കൾക്കുവേണ്ടിയാണ് പ്രാർത്ഥി ക്കേണ്ടത്. വിശുദ്ധഖുർആനിൽ പ്രവാചകന്മാരുടെ വൃത്താന്തം വിവരിച്ചുകൊണ്ട്

അല്ലാഹു പറയുന്നു,

**റബ്ബി ഹബ്‌ലീ മിന സ്വാലിഹീൻ**

*എന്റെ നാഥാ! എനിക്ക് സ്വാലിഹീങ്ങളിൽനിന്നും നൽകേണമേ!*

അതായത് സ്വാലിഹായ സന്താനങ്ങളെ നീ എനിക്ക് നൽകേണമേ എന്ന്. മറ്റൊരു സ്ഥലത്ത് ഇപ്രകാരം ദുആ പഠിപ്പിക്കുന്നു.

**റബി ഹബ്‌ലീ മില്ലദുൻക ദുരിയ്യത്തൻ ത്വയ്യിബത്തൻ**

*എന്റ നാഥാ! നീ നിന്നിൽനിന്നും പരിശുദ്ധരായ മക്കളെ നൽകേണമേ!*

അതുകൊണ്ട് എപ്പോഴും നാം ആഗ്രഹിക്കേണ്ടതും അല്ലാഹുവിനോട് തേടേണ്ടതും സ്വാലിഹായ, വിശുദ്ധരായ സന്താനങ്ങൾക്കുവേണ്ടിയാണ്. അവർ കൺ കുളിർമ നൽകുന്നവരായിത്തീരാനും പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. ആൺകുട്ടികൾക്കായി പ്രാർത്ഥിക്കാൻ എന്നോട് പറയുമ്പോൾ ഞാൻ അവരോട് പറയാറുള്ളത് സാത്വികരും ആരോഗ്യവാന്മാരുമായ മക്കളെ ലഭിക്കാനായി പ്രാർത്ഥിക്കുക എന്നാണ്. ചിലപ്പോൾ പെൺ കുട്ടികളായിരിക്കും ആൺകുട്ടികളെക്കാൾ ഏറ്റവും കൂടുതൽ സേവനം ചെയ്യുന്നവരായിത്തീരുന്നതുമാണ്. അവർ ആൺകുട്ടികളെക്കാളും സ്വാത്തികരും മാതാപിതാക്കൾക്ക് സൽപ്പേരിന് കാരണവുമായിത്തീരുന്നത്. എന്നാൽ ചിലസമയത്ത് ആൺകുട്ടികൾ ദുഷ്പേരിന് കാരണമായിത്തീരുകയും അവർ മാതാപിതാക്കൾക്ക് തലവേദന സൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു വിശ്വാസി സന്താനങ്ങൾക്കായി പ്രാർത്ഥിക്കുമ്പോൾ സാത്വികരായ പരിശുദ്ധ സന്താനങ്ങൾക്കായി പ്രാർത്ഥിക്കുക. അവർ എപ്പോഴും കൺകുളിർമ പ്രദാനം ചെയ്യുന്നതിന്നായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. അതല്ലാതെ നമ്മുടെ ദുഷ്പേരിന് കാരണമായിത്തീരുന്ന മക്കളെക്കൊണ്ടെന്ത് പ്രയോജനമാണുള്ളത്.

മക്കളുടെ മാർഗ്ഗഭ്രംശത്തെക്കുറിച്ച് വിലപിച്ചു കൊണ്ടുള്ള പല കത്തുകളും എനിക്ക് വരാറുണ്ട്. കൂടികാഴ്ച നടത്തുമ്പോഴും പലരും ഇക്കാര്യം പറയാറുണ്ട്. അതുകൊണ്ട് യഥാർത്ഥസമാധാനം മനസ്സിന്റെ സമാധാനമാണെന്ന് മനസ്സിലാക്കുക. അതോടൊപ്പം മക്കൾ സാത്വികരും പരിശുദ്ധരും ആയിത്തീരുന്നതിലും മനസമാധാനം ലഭിക്കുന്നതാണ്. ഈ ഗുണങ്ങൾ മക്കളിൽ ഇല്ലെങ്കിൽ അവരെക്കൊണ്ട് ഒരു പ്രയോജനവുമില്ല. സാത്വികർ (സ്വാലിഹീങ്ങൾ) എന്നതിന്റെ നിർവ്വചനം ഹദ്റത്ത് മസീഹ് മഊദ് (അ) പറഞ്ഞത് ഞാൻ കേൾപ്പിക്കുകയാണ്;

*സ്വാലിഹീങ്ങളിൽ ആത്മീയമായ ഒരു തരത്തിലുമുള്ള രോഗവും ഉണ്ടായിരിക്കുകയില്ല. കുഴപ്പത്തിന്റെ ഒരംശം പോലും അവരിൽ ദർശിക്കാൻ സാധ്യമല്ല.*

അതുകൊണ്ട് നമ്മുടെ സന്താനങ്ങൾ ഈ ഒരു അവസ്ഥ കരസ്ഥമാക്കുന്നതിന്നായി നാം പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. ഈ മാർഗത്തിൽ ചരിക്കാൻ നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. ഇതു മുഖേന പരിശുദ്ധരായ സന്താനങ്ങളുടെ പരമ്പരതന്നെ നിലനിന്നുപോരുന്നതാണ്. പൂർവ്വികർക്ക് കൺകുളിർമ പ്രദാനം ചെയ്യുന്ന സന്താനപരമ്പര തന്നെ ഇവിടെ ഉടലെടുക്കുമാറാകട്ടെ.

ജമാഅത്തിനും കുടുംബത്തിനും സൽപേരിന് കാരണമായിത്തീരുകയും ചെയ്യട്ടെ. നാം നമ്മുടെ ജീവിതത്തിൽ മാറ്റം വരുത്തുമ്പോഴാണ് ഇതെല്ലാം സാധ്യമായിത്തീരുന്നത്. നാം ഓരോരുത്തരും സ്വാലിഹീങ്ങളായിത്തീരുകയും തഖ്‌വയിൽ നിലനിൽക്കുന്നവരായിത്തീരുകയും ചെയ്യേണ്ടതാണ്.

ഇത് മനസ്സിലാക്കുവാനുള്ള തൗഫീഖ് അല്ലാഹു പ്രദാനം ചെയ്യുമാറാകട്ടെ–

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

KHUTHBA:
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 14 -11 - 2008 at
Baithul Futuh
UK

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**